പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.567 — 04/07/2019-ൽ മറുപടിക്ക്

## വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിലെ വെല്ലുവിളികൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ടി.എ. അഹമ്മദ് കബീർ<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. ടി.വി ഇബ്രാഹിം<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്: | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) 2009-ൽ നിലവിൽവന്ന വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിൽ നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന ഘടനയും വിദ്യാഭ്യാസ അവകാശ നിയമം 2009 മുന്നോട്ട് വെച്ച എലിമെന്ററി സ്കൂൾ ഘടനയും വ്യത്യസ്ഥപ്പെട്ടിരിക്കുന്നു. കെ.ഇ.ആർ പ്രകാരം സ്കൂൾഘടന കേരളത്തിൽ 1 മുതൽ 4 വരെയും 5 മുതൽ 7 വരെയും 8 മുതൽ 10 വരെയും ആണ്. വിദ്യാഭ്യാസാവകാശ നിയമത്തിൽ (RTE) ലാവട്ടെ 6 നും 14 നും ഇടയിൽ പ്രായമുള്ള കുട്ടികളുടെ സ്കൂൾ വിദ്യാഭ്യാസ ഘടന 1 മുതൽ 5 വരെയും 6 മുതൽ 8 വരെ മാത്രവും ആണ്. വിദ്യാഭ്യാസവകാശ നിയമത്തിൽ എലിമെന്ററി സ്റ്റേജിൽ ചേർത്തിരിക്കുന്ന 8-ാം ക്ലാസ് സംസ്ഥാനത്ത് ഹൈസ്കൂൾ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. കൂടാതെ സംസ്ഥാനത്ത് പ്രൈമറി വിദ്യാഭ്യാസത്തിനുള്ള പ്രായം 5 ആണ്. കേന്ദ്ര വിദ്യാഭ്യാസാവകാശ നിയമം പ്രകാരം പ്രൈമറി ക്ലാസിലേയ്ക്കുള്ള പ്രവേശനത്തിനുള്ള പ്രായം 6 ആണ്. |
| (ബി) ഈ നിയമത്തിന്റെ ഭാഗമായി രൂപീകരിക്കേണ്ട കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പ്രവർത്തനം വിശദമാക്കാമോ? | (ബി) വിദ്യാഭ്യാസ അവകാശ നിയമം 2009 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ രൂപീകരിക്കേണ്ട സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ സംസ്ഥാനത്തെ സ്കൂളുകളിൽ രൂപീകരിക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ നിർദ്ദേശ ങ്ങൾ 20-08-2012 ലെ എച്ച്1/38613/2012/ ഡിപിഐ നമ്പർ |

സർക്കുലറിലൂടെ പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമാണോയെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ യഥാസമയം പരിശോധന നടത്തുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ